# Desabhimani
# 28 August 2018
# Cheif Ministers Plan , Flood Relief Action

# ജനങ്ങളെയാകെ അണിനിരത്തി മുന്നേറും: മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

ദുരന്തമോർത്ത് വിലപിച്ചിരിക്കാതെ പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന ദൗത്യമാണ് നമ്മുടെ മുന്നിലുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനാവശ്യമായ ആസൂത്രണവും വിഭവസമാഹരണവും നടത്തണം. ആസൂത്രണം ഓരോ പ്രദേശത്തും ഉണ്ടാകണം. ജനങ്ങളെയാകെ ഒന്നിച്ച് നിർത്തി പങ്കാളികളാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു- വിവിധ ജില്ലകളിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾ കലക്ടർമാരുമായുള്ള വീഡിയോ കോൺഫറൻസിലൂടെ അവലോകനംചെയ്യവെയാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

ദുരന്തത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പഠനം ആവശ്യമാണ്. ദുരന്തം നേരിടുന്നതിൽ എല്ലാവരും അവിശ്രമം ഏകോപനത്തോടെ പ്രവർത്തിച്ചു. ദുരന്തത്തിന് ഇരയായവരെ രക്ഷപ്പെടുത്തൽ, മാറ്റിപ്പാർപ്പിക്കൽ, ക്യാമ്പിൽ സൗകര്യം ഉറപ്പാക്കൽ എന്നിവയിലെല്ലാം കലക്ടർമാർ നൽകിയ നേതൃത്വം അഭിനന്ദനാർഹമാണ്. ഇനി ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ക്യാമ്പുകളിൽനിന്ന് ആളുകൾ തിരിച്ചുപോകുന്നുണ്ട്. കുറെ ക്യാമ്പുകൾ തുടരുന്നുമുണ്ട്. ഇവർ തിരിച്ച് വീട്ടിലെത്തുമ്പോൾ ഉണ്ടാകുന്ന പ്രയാസം വലുതാണ്. എല്ലാം നശിച്ച നിലയിൽ കാണുന്നത് പലർക്കും താങ്ങാനാകില്ല. തിരിച്ചുപോകുന്നവർക്ക് ഭക്ഷണക്കിറ്റ് നൽകുന്നുണ്ട്. എന്നാൽ, പാകം ചെയ്യാനുള്ള പാത്രമോ മറ്റ് സൗകര്യങ്ങളോ വീടുകളിലുണ്ടാകില്ല. ഇത് മനസ്സിലാക്കി കലക്ടർമാർ ഉണർന്ന് പ്രവർത്തിക്കണം.

താൽക്കാലിക ആശ്വാസം എന്ന നിലയ്ക്കാണ് ക്യാമ്പിൽ കഴിഞ്ഞവർക്ക് 10,000 രൂപ നൽകുന്നത്. തുടർച്ചയായ ബാങ്ക് അവധി കാരണം തുക കൈമാറാൻ കഴിഞ്ഞിട്ടില്ല. അടുത്ത ദിവസംതന്നെ തുക എല്ലാവർക്കും ലഭ്യമാക്കണം. വീട് ശുചീകരണം നന്നായി നടക്കുന്നുണ്ട്. പകർച്ചവ്യാധികൾ തടയണമെങ്കിലും ശുചീകരണം കാര്യക്ഷമമായി നടക്കണം. വീടുകളിലെ നശിച്ച സാധനങ്ങളിൽ പലതും നന്നാക്കിയെടുക്കാനാകില്ല. വാഹനങ്ങളും ഇതിൽപെടും. വാഹനങ്ങളുടെ ഇൻഷുറൻസ് തുക വേഗം ലഭ്യമാക്കാൻ നടപടി വേണം. ഇൻഷുറൻസ് കമ്പനികളുടെ പ്രതിനിധികളുമായി സംസാരിച്ചിരുന്നു. ചീഫ് സെക്രട്ടറിതലത്തിൽ വീണ്ടും അവരുടെ യോഗം വിളിക്കും.

## മാലിന്യം വേർതിരിക്കണം

നശിച്ചുപോയ കിടക്ക, ഇലക്ട്രോണിക് ഉപകരണങ്ങൾ, മറ്റ് വീട്ടുപകരണങ്ങൾ എന്നിവ ശേഖരിച്ച് പൊതുസ്ഥലത്ത് തൽക്കാലം സൂക്ഷിക്കണം. പഞ്ചായത്തിൽ ഒന്നോ അതിലധികമോ സ്ഥലം ഇതിനായി കണ്ടെത്തണം. അഴുകുന്നതും അഴുകാത്തതുമായവ വേർതിരിച്ച് ശേഖരിക്കണം. അഴുകുന്നവ പെട്ടെന്ന് സംസ്കരിക്കണം. പ്രാദേശിക സ്ഥാപനങ്ങൾ വഴി നടക്കുന്ന പ്രവർത്തനത്തിന് കലക്ടർമാർ നേതൃത്വം നൽകണം.



> നാശനഷ്ടത്തിന്റെ കണക്ക് കൃത്യമായി ശേഖരിക്കണം. ഉടനടി ഇത് പൂർത്തിയാക്കണം. ദുരന്തത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പഠനം ആവശ്യമാണ്

വീടുകളിലേക്ക് തിരിച്ചുപോകാൻ സാഹചര്യമുള്ള എല്ലാവരും രണ്ടുദിവസം കൊണ്ട് തിരിച്ചുപോകും എന്ന് ഉറപ്പാക്കണം. തിരിച്ചുപോകാൻ കഴിയാത്തവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. തിരിച്ചുപോകുന്ന മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷണക്കിറ്റ് നൽകുന്നുണ്ട്. നേരത്തെ ക്യാമ്പ് വിട്ടവർക്കും കിറ്റ് ലഭ്യമാക്കണം. വീട് പൂർണമായി തകർന്ന നിരവധി കുടുംബങ്ങളുണ്ട്. ധാരാളം വീടുകൾ താമസയോഗ്യമല്ലാതായി. ഓരോ ജില്ലയിലും ഓരോ പ്രദേശത്തും അങ്ങനെ എത്ര കുടുംബങ്ങളുണ്ട് എന്ന വിവരം ഉടൻ ശേഖരിക്കണം. അതത് പ്രദേശങ്ങളിൽ അവർക്ക് താമസസൗകര്യം ഉണ്ടാക്കണം. സ്കൂളുകളൊഴിവാക്കി, കല്യാണമണ്ഡപങ്ങളും പൊതുഹാളുകളും ഇതിനുവേണ്ടി കണ്ടെത്തണം. ആൾതാമസമില്ലാത്ത വലിയ വീടുകൾ ഈ ആവശ്യത്തിന് കിട്ടുമോ എന്നും നോക്കണം. ഓരോ മേഖലയ്ക്കും വന്ന നഷ്ടം കൃത്യമായി തിട്ടപ്പെടുത്തണം. കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ മൃഗസംരക്ഷണ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് കിട്ടാൻ പ്രയാസമുണ്ടെങ്കിൽ അത് പരിഹരിക്കണം.

## സ്കൂൾ ശുചീകരണം സജീവം

ബുധനാഴ്ച സ്കൂൾ തുറക്കുന്നതിനാൽ സ്കൂൾ വൃത്തിയാക്കുന്ന പ്രവൃത്തി നല്ല നിലയിൽ നടക്കുന്നുണ്ട്. വിദ്യാർഥികൾക്ക് ഒരുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ വേണം. കുടിവെള്ളം എത്തിക്കുന്നത് അതീവ ഗൗരവമായി കാണണം.

പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകൾ മിക്കവാറും മലിനമാണ്. കിണർ ശുചീകരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണം. കിണർ ശുചിയാക്കുംവരെ കുടിവെള്ളം വീടുകളിൽ എത്തിക്കണം. നല്ല ജാഗ്രത പുലർത്തിയില്ലെങ്കിൽ പകർച്ചവ്യാധി പിടിപെടും. ഇത്രയും വലിയ പ്രളയമുണ്ടായിട്ടും ഒരു പകർച്ചവ്യാധിയും പടർന്നുപിടിക്കാതെ നോക്കുകയാണെങ്കിൽ അത് സംസ്ഥാനത്തിന് അഭിമാനിക്കാനുള്ള വക നൽകും. രോഗം ബാധിച്ചവർക്ക് ചികിത്സ ലഭ്യമാക്കാനും ശ്രദ്ധ വേണം.

ദുരിതാശ്വാസത്തിന് സംഭാവന വലിയ തോതിൽ പ്രവഹിക്കുന്നുണ്ട്. എന്നാൽ, ചില സ്ഥലങ്ങളിൽ അനധികൃത പണപ്പിരിവ് നടക്കുന്നതായി പരാതികളുണ്ട്. സർക്കാരിന് ദുരിതാശ്വാസ ഫണ്ട് നൽകരുതെന്നും ചിലർ പ്രചരിപ്പിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയും പൊലീസുമായി ബന്ധപ്പെട്ട് നടപടിയെടുക്കുകയും വേണം.

## കരിഞ്ചന്ത തടയും

ദുരന്തപശ്ചാത്തലത്തിൽ അത്യാവശ്യസാധനങ്ങൾക്ക് വില കൂട്ടി വിൽക്കുന്നതിനെതിരെ കലക്ടർമാർ ഇടപെടണം. കടകൾ മുഴുവൻ അടഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ പൊതുവിതരണസംവിധാനത്തിലൂടെ ബദൽ സൗകര്യം ഏർപ്പെടുത്തണം. ശുചീകരണ പ്രവർത്തനത്തിന് എല്ലാ വാർഡുകളിലും വളന്റിയർമാർ പ്രവർത്തിക്കുന്നുണ്ട്. അവരോടൊപ്പം വാർഡ് മെമ്പറും ഉണ്ടെന്ന് ഉറപ്പുവരുത്തണം.

ദുരന്തം ചിലരുടെയെങ്കിലും മാനസികനിലയെ ബാധിച്ചിട്ടുണ്ടാകും. അങ്ങനെയുള്ളവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് കൗൺസലിങ് നൽകണം. ക്യാമ്പുകളിൽനിന്ന് തിരിച്ചുപോകുന്നവരിൽ ഒരു പങ്ക് നിർധനരാണ്.

ഓരോ പ്രദേശത്തും അത്തരം കുറച്ച് കുടുംബങ്ങളുണ്ടാകും. വീടുകളിൽ തിരിച്ചെത്തിയാലും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തവർ.

സാമ്പത്തികശേഷിയുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും പാവപ്പെട്ട കുടുംബങ്ങൾക്ക് വീടുകൾ സ്പോൺസർ ചെയ്യാൻ തയ്യാറാകും. അത്തരം സ്പോൺസർഷിപ് ലഭ്യമാക്കാൻ ശ്രമിക്കണം. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും പങ്കെടുത്ത ധാരാളം സന്നദ്ധപ്രവർത്തകരുണ്ട്. അവരെ സർക്കാരിന്റെ നന്ദി അറിയിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കണം. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സെപ്തംബർ 3 നകം നടപടികൾ ആരംഭിക്കണം.

വീഡിയോ കോൺഫറൻസിൽ കാസർകോട് ഒഴികെയുള്ള എല്ലാ ജില്ലകളിലെയും കലക്ടർമാർ പങ്കെടുത്തു.

മുഖ്യമന്ത്രിയോടൊപ്പം വ്യവസായ മന്ത്രി ഇ പി ജയരാജൻ, ചീഫ് സെക്രട്ടറി ടോം ജോസ്, ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, നളിനി നെറ്റോ, വി എസ് സെന്തിൽ, എം ശിവശങ്കർ, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം വി ജയരാജൻ തുടങ്ങിയവർ പങ്കെടുത്തു. ഇടുക്കിയിൽ റവന്യൂമന്ത്രി ഇ ചന്ദ്രശേഖരൻ, വൈദ്യുതിമന്ത്രി എം എം മണി എന്നിവരും ഉണ്ടായിരുന്നു.

ഉച്ചയ്ക്കുശേഷം പൊലീസ് ആസ്ഥാനത്ത് ജില്ലാ പൊലീസ് മേധാവികൾ ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുമായി ദുരിതാശ്വാസത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തി.